പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3558 — 26.06.2012-ൽ മറുപടിയ്ക്ക്

# മണ്ഡല സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. പ്രദീപ്കുമാർ :<br>ശ്രീ. ജെയിംസ് മാത്യു :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീമതി പി. അയിഷാ പോറ്റി : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി മുൻസർക്കാർ ആവിഷ്കരിച്ച മണ്ഡല സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; | (എ) | മുൻ സർക്കാർ ആവിഷ്ക്കരിച്ച മണ്ഡല സമ്പൂർണ്ണവൈദ്യുതീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകൾ സമ്പൂർണ്ണ വൈദ്യുതീകൃത ജില്ലകളായി പ്രഖ്യാപിച്ചിരുന്നു. ഈ ജില്ലകളിലെ മണ്ഡലങ്ങളുൾപ്പെടെ 87 മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം നടന്നിട്ടുണ്ട്. |
| (ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര മണ്ഡലങ്ങൾ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ; | (ബി) | ഈ സർക്കാർ അധികാരമേറ്റെടുത്ത ശേഷമാണ് 87-ാമത്തെ മണ്ഡലമായ താനൂരിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം നടന്നത്. സംസ്ഥാനത്തിലെ മുഴുവൻ ജില്ലകളുടെയും സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിട്ടുകൊണ്ട് ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി കേരളത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. വടക്കൻ കേരളത്തിലെ ആറു ജില്ലകളിൽ ഈ പദ്ധതിയനുസരിച്ചുള്ള പ്രവൃത്തികൾ 2012 സെപ്തംബർ മാസത്തോട് കൂടി പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ആദ്യഘട്ട പദ്ധതി പൂർത്തികരിച്ച് കഴിഞ്ഞിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കുള്ള അനുമതി ലഭിച്ചിട്ടുണ്ട്. തെക്കൻ കേരളത്തിലെ ജില്ലകളുടെ വൈദ്യുതീകരണത്തിനായുള്ള ആർ. ജി. ജി. വി. വൈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതോട് കൂടി സംസ്ഥാനത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം സാധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര മണ്ഡലങ്ങളിലും എത്ര | (സി) | പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകൾ സമ്പൂർണ്ണ വൈദ്യുതീകൃത ജില്ല |

| | | | |
|---|---|---|---|
| | ജില്ലകളിലുമാണ് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയത്; | | കളായി പ്രഖ്യാപിച്ചിരുന്നു. ഈ ജില്ലകളിലെ മണ്ഡലങ്ങളുൾപ്പെടെ 86 മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം നടന്നിട്ടുണ്ട്. |
| (ഡി) | മണ്ഡല വൈദ്യുതീകരണത്തിന് എം.എൽ.എ./എം.പി. ഫണ്ട് നൽകിയിട്ടും പദ്ധതി നടപ്പിലാക്കാത്ത ഏതെങ്കിലും മണ്ഡലങ്ങൾ ഉണ്ടോ ; എങ്കിൽ ഇവിടങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ? | (ഡി) | മണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ എം. പി ഫണ്ട്/എം.എൽ. എ ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, മറ്റു ഫണ്ടുകൾ എന്നിവയിൽ നിന്നും പദ്ധതി ചെലവിന്റെ 50 ശതമാനവും ബോർഡ് ഫണ്ടിൽ നിന്നും ബാക്കി 50 ശതമാനവും (പരമാവധി ഒരു കോടി രൂപ) ചെലവ് ചെയ്യാനാണ് ഉദ്ദേശിച്ചിരുന്നത്. എം.പി/എം.എൽ. എ ഫണ്ടുകൾ ലഭിച്ച് കഴിഞ്ഞിട്ടും മറ്റു ഫണ്ടുകൾ ലഭിക്കാത്തത് കാരണം സമ്പൂർണ്ണ വൈദ്യുതീകരണം നടക്കാത്ത മണ്ഡലങ്ങൾ ഉണ്ട്. |

**സെക്ഷൻ ഓഫീസർ.**